പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4438

25/06/2019-ൽ മറുപടിക്ക്

ദേശീയ വിദ്യാഭ്യാസ നയം 2019

**ചോദ്യം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. പി.ടി. തോമസ്
ശ്രീ. സണ്ണി ജോസഫ്
ശ്രീ. ഷാഫി പറമ്പിൽ:

(എ) ദേശീയ വിദ്യാഭ്യാസ നയം 2019 ന്റെ കരട് റിപ്പോർട്ടിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ഏതെങ്കിലും ശുപാർശകളോട് സംസ്ഥാന സർക്കാർ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത കരട് റിപ്പോർട്ടിൽ ന്യൂനപക്ഷങ്ങൾക്ക് ആശങ്ക ഉണ്ടാക്കുന്ന എന്തെങ്കിലും നിർദ്ദേശം ഉണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കരട് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ 2009 ലെ വിദ്യാഭ്യാസ അവകാശ നിയമവുമായി ഒത്തുപോകുന്നതല്ല എന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 2009 ലെ നിയമം മാറ്റിയെഴുതാനുള്ള അവസരമായി കേന്ദ്ര സർക്കാർ ഈ കരട് നയത്തെ ഉപയോഗിക്കുമെന്ന അഭിപ്രായം സർക്കാരിനുണ്ടോ; വിശദമാക്കുമോ?

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ)യും (ബി)യും (സി)യും (ഡി) യും (ഇ)യും

ദേശീയ വിദ്യാഭ്യാസ അവകാശ നിയമം 2019-ന്റെ കരട് എസ്.സി.ഇ.ആർ.റ്റി പരിശോധിക്കുന്നതാണ്. പ്രസ്തുത പരിശോധന റിപ്പോർട്ട് ലഭ്യമായ ശേഷം മാത്രമേ സർക്കാർ തലത്തിൽ തീരുമാനമെടുക്കാനാകുകയുള്ളൂ.

സെക്ഷൻ ഓഫീസർ